# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 420 | 29.11.2018 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി.വിജയദാസ് : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം കേരളത്തിന് ലഭിച്ച ആകെ തുക എത്ര; ഇക്കാര്യത്തിൽ കുറവ് വന്നിട്ടുണ്ടോ ; കോമ്പൻസേഷൻ ടാക്സ് ഇനത്തിൽ ലഭിക്കേണ്ടുന്ന തുക മുഴുവനും സമയബന്ധിതമായി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം കേരളത്തിന് എസ്.ജി.എസ്.ടി യും ഐ.ജി.എസ്.ടി യും ഉൾപ്പെടെ 21,788/- കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കിയാണ് നഷ്ടപരിഹാരം നൽകുന്നത്. കേന്ദ്രഗവൺമെന്റിന്റെ അക്കൗണ്ടിലുള്ള ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ എസ്.ജി.എസ്.ടി അടയ്ക്കുന്നതിനായി ഉപയോഗിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് അതാത് മാസം കൈമാറ്റം ചെയ്ത് കൊടുക്കേണ്ടതുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ അക്കൗണ്ടിലുള്ള ഐ.ജി.എസ്.ടി തുക ഒരുലക്ഷം കോടി രൂപയിൽ അധികരിച്ചതിനെത്തുടർന്ന് നിശ്ചിതകാലയളവിൽ ഇന്ററിം അഡ്-ഹോക്ക് അഡ്വാൻസ് സെറ്റിൽമെന്റായി ഈ തുകയുടെ പകുതി സംസ്ഥാനങ്ങൾക്ക് കേന്ദ്രം വിതരണം ചെയ്തു വരുന്നു. ഇത് കോമ്പൻസേഷൻ തുകയിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കേണ്ട തുക സമയബന്ധിതമായിതന്നെ ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. യിന്മേലുള്ള പരിശോധന പൂർത്തീകരിക്കുവാൻ കഴിയുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരിമിതികൾ നിലവിലുണ്ടോ ; വിശദവിവരം നൽകുമോ? | (ബി) | ജി.എസ്.ടി യിലെ റിട്ടേൺ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ കൃത്യത ഉറപ്പുവരുത്താൻ നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 ബി റിട്ടേണും ഔട്ട് വേർഡ് സപ്ലൈ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ജി.എസ്.ടി.ആർ 1 ഉം ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത പൂർണ്ണമായും ഉറപ്പുവരുത്തുന്നതിന് വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനും സംസ്ഥാനങ്ങൾക്ക് പരിമിതികളുണ്ട്. ജി.എസ്.ടി നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്കുകൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് പൂർണ്ണമായ തോതിൽ ലഭ്യമാകുന്നില്ല. എന്നാൽ 2018 ഡിസംബർ 31-നുശേഷം വാർഷികറിട്ടേണുകളും ആഡിറ്റഡ് സ്റ്റേറ്റ്മെന്റും ലഭ്യമാകുന്നതോടുകൂടി റിട്ടേണിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയും. |

**സെക്ഷൻ ഓഫീസർ**